SUNDAY 17.12.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് പത്തനംതിട്ട ജില്ലയിലെ റാന്നി, ആറൻമുള, കോന്നി, അടൂർ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000 രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പദ്ധതിയുടെ കീഴിൽ ജില്ലയിൽ മത്സ്യസേവന കേന്ദ്രം ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് അപേക്ഷ ക്ഷണിച്ചു. മത്സ്യ കർഷകർക്ക്

കൺസൾട്ടൻസി സേവനങ്ങൾ, മത്സ്യവിത്ത്, മണ്ണ്-ജല ഗുണനിലവാര പരിശോധന, മത്സ്യരോഗനിർണയം-നിയന്ത്രണം എന്നിവയ്ക്ക് സൗകര്യം ഒരുക്കുക, ഫിഷറീസ് പ്രൊഫഷണലുകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. 25 ലക്ഷം രൂപയാണ് പദ്ധതി തുക. 40 ശതമാനം സബ്സിഡി ലഭിക്കും. 12 മാസമാണ് പദ്ധതി പൂർത്തീകരണ കാലയളവ്. ഫിഷറീസ് സയൻസ് /ലൈഫ് സയൻസസ് മറൈൻ ബയോളജി/ മൈക്രോബയോളജി /സുവോളജി/ ബയോകെമിസ്ട്രി വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. മേൽവിഷയങ്ങളിൽ ഉന്നതയോഗ്യതയുള്ളവർക്ക് മുൻഗണന. സ്വന്തമായോ പാട്ടവ്യവസ്ഥയിലോ കുറഞ്ഞത് 1000 സ്ക്വയർ ഫീറ്റ് ഭൂമി ഉണ്ടായിരിക്കണം. ഫിഷറീസ് വകുപ്പുമായി ഏഴ് വർഷത്തിൽ കുറയാത്ത കാലയളവിൽ കരാറിൽ ഏർപ്പെടണം. അപേക്ഷ ഡിസംബർ 21നകം നൽകണം. വിശദവിവരത്തിന് ഫോൺ നമ്പർ വൈക്കം മത്സ്യഭവൻ -9400882267, 04829-291550, കോട്ടയം മത്സ്യഭവൻ 0481-2566823,9074392350, പാലാ മത്സ്യഭവൻ -0482-2299151, 7592033727.

5. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള നാടൻ തെങ്ങിൻതൈകൾ വിവിധയിനം പച്ചക്കറിതൈകൾ, കറിവേപ്പിൻതൈകൾ, വാഴ, ഓർക്കിഡ്, ടിഷ്യുകൾച്ചർതൈകൾ, ജൈവരോഗകീടനിയന്ത്രണ ഉപാധികൾ എന്നിവ വില്പനയ്ക്ക് യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2809963.

7. ആലപ്പുഴ: ക്ഷീരവികസന വകുപ്പ് ജില്ല ക്ഷീരസംഗമത്തിൻറെ ഭാഗമായി കാർഷിക മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കണ്ടുപിടിത്തങ്ങൾ, പുതിയ അറിവുകൾ, പുതു പ്രവർത്തന രീതികൾ തുടങ്ങിയ നൂതന ആശയങ്ങൾ നടപ്പിലാക്കിയ കർഷകരെ ആദരിക്കുന്നു. അപേക്ഷ - സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 20. വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് യൂണിറ്റുകളുമായി ബന്ധപ്പെടണം. കാർഷിക മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ കണ്ടുപിടിത്തങ്ങൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ കേരള വെറ്റിനറി ആൻറ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി ആവിഷ്കരിച്ച പദ്ധതിയാണ് 'നാട്ടിലെ ശാസ്ത്രം

8. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസിനു അപേക്ഷിക്കാം. ആലപ്പുഴ ഫിഷറീസ് വകുപ്പ്നടപ്പാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിലേക്ക്മത്സ്യത്തൊഴിലാളികളായ ഉടമകളിൽനിന്നും അപേക്ഷ ക്ഷണിച്ചു. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യബന്ധനയാനങ്ങളുടെ ഇൻഷുറൻസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം 2012 ജനുവരി മുതൽ രജിസ്റ്റർ ചെയ്തപരമ്പരാഗതയാനങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. വിശദവിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും അതാത് മത്സ്യഭവനുമായി ബന്ധപെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

9. കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഡിസംബർ മാസം 19ന് തെങ്ങിന്റെ കീടരോഗ നിയന്ത്രണം 20 ന് വാഴയിൽ നിന്നുള്ള കരകൗശല ഉൽപ്പന്നങ്ങൾ, 28 ന് വേനൽക്കാല പച്ചക്കറി കൃഷി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 296604ഢ1എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം